

# JYOTHIS




Bulletin, 2021 December, Issue 33









# ആശംസ

വി. ഗ്രന്ഥത്തിലെ നാലു സുവിശേഷങ്ങളിലും വിവരിക്കുന്ന ഒരേ ഒരു അത്ഭുതമാണല്ലോ അഞ്ചപ്പംകൊണ്ട് അയ്യായിരത്തിനുമേൽ വരുന്ന ജനക്കൂട്ടത്തെ തീറ്റിപ്പോറ്റി സംതൃപ്തിയോടെ അവരെ പറഞ്ഞയക്കുന്നത്. മനുഷ്യന്റെ വിശപ്പിനുമുമ്പിൽ മനസ്സലിവുള്ള ദൈവമാണ് താൻ എന്ന് തെളിയിക്കുന്ന ഈശോയെയാണ് സുവിശേഷകൻ പരിചയപ്പെടുത്തുക, (Mt.14/13-20, Mk.6/30-44, LK. 9/10-17, Jn. 6/1-12)

വിശക്കുന്നവന്റെ മുൻപിൽ ദൈവം അപ്പത്തിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെടും ഗാന്ധിജിയുടെ ഈ വാക്കുകൾ നമുക്ക് പ്രചോദനം പകരും. വിശപ്പ് പലവിധത്തിലാണ് പ്രകടമാകുക. ശാരീരികം, മാനസികം, ആദ്ധ്യാത്മികം, സാമൂഹികം, സാമ്പത്തികം.... രോഗത്തിന്റെ വേദനയുടെ വിശപ്പ്, ദാരിദ്ര്യത്തിന്റെ പിടിയിലമർന്നതിന്റെ വിശപ്പ്, സുരക്ഷിതമായി അന്തിയുറങ്ങാൻ ഒരു പാർപ്പിടമില്ലാത്തതിന്റെ വിശപ്പ്, ഞാനൊറ്റയ്ക്കായി എനിക്കാരുമില്ല എന്ന നൊമ്പരത്തിന്റെ വിശപ്പ്, അജ്ഞതയുടെ അന്ധകാരത്തിൽ, വിജ്ഞാനത്തിന്റെ വെളിച്ചം കാണാനുള്ള വിശപ്പ്.

വിശപ്പിന്റെ മാർഗ്ഗങ്ങൾ വ്യത്യസ്തമായിരിക്കുംപോലെ വിശപ്പകറ്റാനുള്ള മാർഗ്ഗങ്ങളും വ്യത്യസ്തമായിരിക്കും. ശരിയായ വിശപ്പുകൊണ്ട് വീർപ്പുമുട്ടുന്ന ആളുകളെ ഈശോ തിരിച്ചറിഞ്ഞു. അത് ശരിയായ സമയത്താണ്, ശരിയായ സ്ഥലത്തുവച്ചാണ്, ശരിയായ ഇല്ലായ്മയിലാണ്, ശരിയായ വിധത്തിലാണ്, ശരിയായ മനോഭാവത്തോടെയാണ്. വിശപ്പിനുള്ള പരിഹാരം പങ്കുവയ്ക്കലാണെന്നും അഞ്ചപ്പത്തിന്റെ അത്ഭുതത്തിലടെ ഈശോ ഓർമ്മിപ്പിക്കുന്നു.

പ്രിയമുള്ളവരേ, തിരുഹൃദയ സന്യാസിനീ സമൂഹം സാമൂഹ്യക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനം ദൈവമഹത്വത്തിനും മനുഷ്യമക്കളുടെ ആത്മ രക്ഷയ്ക്കും ഉതകുന്നതായിരുന്നു എന്ന് അടിവരയിട്ടു പറയാൻ ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്. വിശപ്പിന്റെ വിളി തിരിച്ചറിയാനും ഉചിതമായ രീതിയിൽ വിശപ്പകറ്റാനും സാധിച്ചതിന്റെ സംക്ഷിപ്ത രൂപമാണ് ഈ അവതരണത്തിൽ എനിക്ക് മനസിലായത്. എസ്.എച്ച്. ജനറലേറ്റിന്റെ സാമൂഹികസേവന സംഘടനയായ ജ്യോതിസ് ചാരിറ്റബിൾ സൊസൈറ്റിയും മറ്റ് പ്രൊവിൻസുകളുടെ സാമൂഹികസംഘടനകളും തങ്ങൾ ഏറ്റെടുത്ത ഉത്തരവാദിത്വങ്ങൾ അതിമനോഹരമായി, അതിസാഹസികമായി പൂർത്തിയാക്കാൻ ശ്രമിച്ചതിന്റെ ഒരു ചിത്രമാണിവിടെ അവതരിപ്പിച്ചിരിക്കുന്നത് എന്നത് നിസംശയം പറയാനാവും. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ഓരോരുത്തരേയും പ്രത്യേകിച്ച് സോഷ്യൽവർക്ക് ജനറൽ കൗൺസിലർ റവ.സി. റോസ് പുളിക്കീൽ എസ്.എച്ച്., കമ്മിറ്റി അംഗങ്ങൾ, വിവിധ പ്രോവിൻസുകളിലെ സോഷ്യൽവർക്ക് കൗൺസിലർമാർ എല്ലാവരെയും അഭിനന്ദിക്കുന്നു. ഏവർക്കും കൂടുതൽ ദൈവാനുഗ്രഹപ്രദമായ പ്രവർത്തനങ്ങൾ തുടർന്നു ചെയ്യാൻ നല്ല ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം...

**സി. അൽഫോൻസ തോട്ടുങ്കൽ എസ്. എച്ച്.**
സുപ്പീരിയർ ജനറൽ.

*"അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം ഭൂമിയിൽ സന്മനസുള്ളവർക്ക് സമാധാനം"*
(ലൂക്കാ 2:14)



മനുഷ്യനെ തന്റെ പാപാവസ്ഥയിൽതന്നെ ഉപേക്ഷിക്കാതെ അവനെ വീണ്ടെടുക്കാൻ ദൈവം തിരുമനസ്സായ പുണ്യമുഹൂർത്തം! അതാണ് ക്രിസ്തുമസ്സ്. മനുഷ്യനെ ദൈവത്തിലേക്ക് ഉയർത്തുവാൻ ദൈവം മനുഷ്യനായ സുന്ദരദിനം. രക്ഷയുടെയും മോചനത്തിന്റെയും സന്ദേശവുമായി ക്രിസ്തുമസ് രാവിന്റെ ധ്വനി മുഴങ്ങുമ്പോൾ ഹൃദയം നിറയെ സ്നേഹത്തിന്റെയും നന്ദിയുടെയും ആരാധനയുടെയും പ്രകരണങ്ങളുമായി ഉണ്ണീശോയെ വരവേൽക്കുവാനായി നമുക്കൊരുങ്ങാം. വർത്തമാനകാലത്ത് മാനവ സമൂഹം അനുഭവിക്കുന്ന അസ്വസ്ഥതകളുടെയും അസ്വാരസ്യങ്ങളുടെയും ഇടയിലേക്ക് സ്വർഗ്ഗീയശാന്തി മന്ത്രം കടന്നുവരുന്നു. ബെത്ലഹേമിലെ കുന്നിൽ ചെരുവുകളിൽ രാത്രിയിൽ ഉറക്കമുണർന്ന് കാവലിരുന്ന പാവപ്പെട്ട ആട്ടിടയന്മാർ ഹൃദയത്തിൽ ഏറ്റുവാങ്ങിയ ആ സ്വർഗ്ഗീയ സംഗീതം ഇന്ന് സദ്വാർത്തയായി തുടരുന്നു.

കഴിഞ്ഞ 3 വർഷക്കാലം ഏറെ സ്നേഹത്തോടെ, ത്യാഗത്തോടെ സാമൂഹ്യക്ഷേമ പ്രവർത്തന രംഗത്ത് സേവനം കാഴ്ച വച്ച് ഈശോയുടെ തിരുഹൃദയത്തിന്റെ അനുകമ്പാർദ്ര സ്നേഹം പകർന്നു നല്കിയ കൗൺസിലേഴ്സ് ഓരോരുത്തരേയും നന്ദിയോടെ സ്മരിക്കുന്നു. തിരുഹൃദയ സഭയുടെ സിദ്ധിയും ചൈതന്യവും പകർന്നു നല്കാൻ നിങ്ങൾ എന്നോട് സഹകരിച്ചതിന്, ജനറൽ ടീമിനോട് സഹകരിച്ചതിന് എത്ര നന്ദി പറഞ്ഞാലും മതിയാവുകയില്ല. സി. റിൻസി കോഴിമല (പാലാ), സി. ലിൻസ് മരിയ (ചങ്ങനാശ്ശേരി), സി. സുജ മലേക്കുടി (കോതമംഗലം), സി. മെർലിൻ ജോസ് ചേന്നാട്ട് (തലശ്ശേരി), സി. ട്രീസ്സ അല്ലേസ് (കാഞ്ഞിരപ്പള്ളി) സി. അനിറ്റ (മാനന്തവാടി), സി. ജോസ്മി വള്ളിയാട്ട് (താമരശ്ശേരി), സി. ആൻമേരി (ഇടുക്കി), സി. സലോമി ജോസ് (ആസ്സാം), സി. ലിനറ്റ് (ഡൽഹി), സി. അനിത മറ്റത്തിൽ (ഉജ്ജൈൻ), സി. മെർലി ജോൺ (ബൽത്തങ്ങാടി) നിങ്ങളെ പ്രാർത്ഥനയിൽ പ്രത്യേകം സ്മരിക്കുന്നതാണ്.

2021-24 കാലഘട്ടത്തിൽ തിരുഹൃദയ സന്യാസിനീ സമൂഹത്തിന്റെ സാമൂഹ്യക്ഷേമപ്രവർത്തനത്തിന് ചുക്കാൻ പിടിക്കുവാൻ ദൈവം തിരഞ്ഞെടുത്ത് നിയോഗിക്കുവാൻ പോകുന്ന എല്ലാ സഹോദരിമാർക്കും മുൻകൂട്ടി സ്വാഗതം ആശംസിക്കുന്നു. തിരുഹൃദയ സന്യാസിനീ സമൂഹം പതിനൊന്നു പ്രോവിൻസും ഒരു റീജിയനുമായി ഭരണ സൗകര്യാർത്ഥം തിരിച്ചിട്ടുണ്ട് എങ്കിലും എല്ലാവരും അനാദിയിലേ ക്രിസ്തുവിൽ തിരഞ്ഞെടുക്കപ്പെട്ടവരും (എഫേ. 1:4) അവിടുത്തെ മരണത്തിലും ഉത്ഥാനത്തിലും പങ്കുപറ്റുന്നവരും പരിശുദ്ധാത്മാവിനെ അവകാശമായി ലഭിക്കുന്നവരും (1 കൊരി. 12-13) ഒരേ സന്യാസ സമൂഹത്തിൽ അംഗങ്ങൾ ആയി ഈശോ പേര് ചൊല്ലി വിളിച്ച് അവിടുത്തെ മണവാട്ടി പദത്തിലേക്ക് ഉയർത്തപ്പെട്ടവരുമാണ്. ഒരേ സിദ്ധിയും ചൈതന്യവും ദാനമായി സ്ഥാപകപിതാവായ ധന്യൻ കദളിക്കാട്ടിൽ അച്ചനിലൂടെ സ്വീകരിച്ചവരുമാണ്. ഈ ഓർമ്മ നമ്മുടെ സാമൂഹ്യക്ഷേമ പ്രവർത്തനത്തിന് എന്നും പ്രചോദനമാവണം. നമുക്ക് ലഭിച്ച വിളിക്കനുസരണമായി ദൗത്യ നിർവ്വഹണത്തിൽ വിശ്വസ്തത പാലിക്കുവാൻ ദൈവം നമ്മെ നാളിതുവരെ അനുഗ്രഹിച്ചതിന് ദൈവത്തിന് നന്ദിയും കൃതജ്ഞതയും അർപ്പിക്കാം.

കോവിഡുകാലം സൃഷ്ടിച്ച നഷ്ടങ്ങൾ, രോഗങ്ങൾ, മുറിവുകൾ അതുമൂലം ഇന്നും അതിൽനിന്ന് വിമുക്തി പ്രാപിക്കാത്ത ധാരാളം വ്യക്തികളും കുടുംബങ്ങളും നമ്മുടെ സന്യാസ ഭവനങ്ങൾക്ക് ചുറ്റും ഉണ്ട് എന്ന ബോധ്യത്തോടെ നമ്മുടെ പ്രേക്ഷിത പ്രവർത്തനം ഊർജ്ജിതമാക്കുവാൻ ദൈവം നമ്മോട് ആവശ്യപ്പെടുന്നുണ്ട്. ദരിദ്രരും, രോഗികളും, അനാഥരും, വിധവകളും, വൃദ്ധജനങ്ങളും, യുവജനങ്ങളും, കുട്ടികളും, മദ്യപാനികളും, മയക്കുമരുന്നിന് അടിമകൾ ആയവരും, ഏകസ്ഥരും, കടക്കെണിയിൽപെട്ടവരും, ജയിലറകളിൽ അടയ്ക്കപ്പെട്ടവരും എല്ലാം നമ്മുടെ സോദരൻ ആണ് എന്ന ദൈവിക ചിന്ത സാമൂഹ്യക്ഷേമപ്രവർത്തനത്തിന് ഊർജ്ജം നൽകും എന്നതിന് സംശയം ഇല്ല. ഇവരെല്ലാം നമ്മുടെ സാമൂഹ്യപ്രവർത്തന മേഖലയിൽ പരിഗണന അർഹിക്കുന്നവരാണ്. ക്രിസ്തുവിന്റെ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം നല്കുന്നു (1 കൊറി. 5:14) എന്ന വി. പൗലോസിന്റെ മനോഭാവം നമ്മെ നയിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഒരിക്കൽ കൂടി ക്രിസ്തുമസ്സിന്റെയും നവവത്സരത്തിന്റെയും മംഗളങ്ങൾ ആശംസിക്കുന്നു. ഈശോയുടെ തിരുഹൃദയം എല്ലാവരേയും അനുഗ്രഹിക്കട്ടെ എന്ന പ്രാർത്ഥനയോടെ!!!

**സി. റോസ് പുളിക്കീൽ എസ്. എച്ച്.**
സോഷ്യൽവർക്ക് ജനറൽ കൗൺസിലർ



# ആശംസ

നദികൾ അവയുടെ വെള്ളം കുടിക്കുന്നില്ല വൃക്ഷങ്ങൾ അവയുടെ ഫലങ്ങൾ ഭക്ഷിക്കുന്നില്ല, സൂര്യൻ തനിക്കായി പ്രകാശിക്കുന്നില്ല, പൂക്കൾ അവയ്ക്കായി സുഗന്ധം പരത്തുന്നില്ല മറ്റുള്ളവർക്കായി ജീവിക്കുക പ്രകൃതിനിയമമാണ്. പരസ്പരം സഹായിക്കാൻ ജനിച്ചവരാണ് നാം. പ്രയാസങ്ങളും പ്രതിസന്ധികളും ഉണ്ടാകാം, ജീവിതം ധന്യമാകുന്നത് നിങ്ങൾ സന്തോഷമുള്ളവരാകുമ്പോഴാണ്. എന്നാൽ ജീവിതം ഏറെ ധന്യമാകുന്നത് നീ കാരണം മറ്റുള്ളവർ സന്തോഷിക്കുമ്പോൾ മാത്രമാണ് (പോപ്പ് ഫ്രാൻസീസ്).

മറ്റുള്ളവരുടെ ജീവിതം ധന്യമാകുവാൻ, അവർക്ക് സന്തോഷമാകുവാൻ, ദൈവം നമ്മെ ഓരോരുത്തരെയും പ്രത്യേകമായി അനുവദിച്ച അനുഗ്രഹിച്ച മൂന്നു വർഷങ്ങൾ. പ്രളയദുരന്തത്തിലും കോവിഡ് 19 മഹാമാരിയിലും മറ്റുള്ളവർക്ക് താങ്ങാകുവാൻ താങ്ങേകുവാൻ അനുവദിച്ച നല്ല ദിനങ്ങൾ, ഒന്നിച്ചുകൂടലുകളും പങ്കുവയ്ക്കലും എല്ലാം ഡിജിറ്റൽ ഫ്ളാറ്റ്ഫാം ആയ വർഷങ്ങൾ വഴി നടത്തിയ നല്ല ദൈവമേ നന്ദി.

നമ്മുടെ ഒരു സ്നേഹപ്രവർത്തിപോലും നഷ്ടമാവില്ലെന്ന് ഉറപ്പാണ്. മറ്റുള്ളവർക്കു വേണ്ടിയുള്ള നമ്മുടെ ആത്മാർത്ഥമായ ഒരു ഉത്കണ്ഠപ്പെടലും വ്യർത്ഥമാവില്ല. ദൈവത്തോടുള്ള സ്നേഹത്തിന്റെ ചെറിയപ്രവർത്തികൾപോലും നഷ്ടമാകില്ല. മഹാമനസ്കരുടെ ഒരു പരിശ്രമവും അർത്ഥരഹിതമാകില്ല.

"വേദന നിർഭരമായ ഒരു സഹനവും പാഴാകില്ല ഇതൊരു മർമ്മ പ്രധാന ശക്തിയായി നമ്മുടെ ലോകത്തെ വലയം ചെയ്യും".

ചെയ്യാൻ കഴിയാതെ പോയതോർത്ത് ഉത്കണ്ഠപ്പെടാതെ ചെയ്യേണ്ടത് ചെയ്യാതെ പോയത് ഓർത്തു ദുഃഖിക്കാതെ ദിവ്യകരങ്ങളിൽ വിട്ടുകൊടുക്കാം. കൂടെനിന്നു നയിച്ച സിസ്റ്റർ റോസ് പുളിക്കീലിനും എപ്പോഴും സഹായഹസ്തവുമായി കൂടെനിന്ന കൗൺസിലേഴ്സ്ഓരോരുത്തർക്കും നവനവമായ ആശയങ്ങളുമായി ഞങ്ങളെ താങ്ങിനിർത്തിയ കോഡിനേറ്റേഴ്സിനോടും, തിരുഹൃദയ സമൂഹത്തിന്റെ മുഖമുദ്ര താഴെത്തട്ടിലേക്ക് എത്തിക്കാൻ യത്നിക്കുന്ന സ്റ്റാഫ് അംഗങ്ങൾക്കും ഒറ്റവാക്കിൽ ഹൃദയത്തിന്റെ അകത്തളങ്ങളിൽനിന്നും നന്ദിയുടെ നറുമലരുകൾ. കൂടെനിന്ന് പ്രോത്സാഹിപ്പിച്ച്, മാർഗ്ഗനിർദ്ദേശങ്ങൾ തന്ന് നയിച്ച പ്രൊവിൻഷ്യൽ ടീമിനും നന്ദി.

തിരുഹൃദയ സന്യാസിനി സമൂഹത്തെ നിത്യം നയിക്കുന്ന ഈശോയുടെ തിരുഹൃദയം, 2021-2024 വർഷത്തെ ഭരണസാരഥ്യം ഏറ്റെടുക്കുന്നവരെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. അവരിലൂടെ ദൈവകരുണയുടെ തിരുഹൃദയ സ്നേഹത്തിന്റെ, സ്പന്ദനം ആവശ്യക്കാരിലേക്ക് ഒഴുകി ഇറങ്ങട്ടെ. എല്ലാവർക്കും പ്രാർത്ഥനകളും, ആശംസകളും ഭാവുകങ്ങളും.

സ്നേഹത്തോടെ

**സി. റിൻസി കോഴിമല എസ്.എച്ച്.**

സോഷ്യൽവർക്ക് കൗൺസിലർ, പാലാ

# ആശംസ



മരണശേഷം ഒരു വ്യക്തിയുടെ കല്ലറയിൽ അയാളെക്കുറിച്ച് മറ്റുള്ളവർ എന്ത് രേഖപ്പെടുത്തുന്നു എന്നതിലുപരി, ജീവിച്ചിരിക്കുമ്പോൾ അയാൾ മറ്റുള്ളവരുടെ ഹൃദയത്തിൽ എന്തു രേഖപ്പെടുത്തി എന്നതിലാണ് അയാളുടെ മഹത്വം അടങ്ങിയിരിക്കുന്നത്. സ്ഥാപകപിതാവും സ്ഥാപകാംഗങ്ങളും പകർന്നു നല്കിയ സിദ്ധിയും ചൈതന്യവും തലമുറകളിലേക്ക് കൈമാറേണ്ടത് നമ്മിലൂടെയാണ്. ഇന്ന് തിരുഹൃദയസന്യാസിനീ സമൂഹത്തിന്റെ മുഖം ഞാനാണ്. എന്നിലൂടെയാണ്, എന്റെ ജീവിതസാക്ഷ്യത്തിലൂടെയാണ് തിരുഹൃദയ സന്യാസിനീ സമൂഹത്തെ ലോകം അറിയുന്നത്. ഫ്രാൻസീസ് മാർപാപ്പ പറയുന്നതുപോലെ "സമൂഹത്തിന്റെ അങ്ങേയറ്റത്തെ അതിരുകളിൽ ജീവിക്കുന്നവരിലേക്ക് ഹൃദയങ്ങൾ തുറക്കണം. ലോകത്തിന്റെ യാതനകൾ, അന്തസ്സ് നിഷേധിക്കപ്പെട്ട സഹോദരീസഹോദരന്മാരുടെ മുറിവുകൾ കാണുകയും സഹായത്തിനുള്ള അവരുടെ നിലവിളി കേൾക്കുവാൻ നിർബന്ധിതരാണെന്ന് തിരിച്ചറിയുകയും അവരിലേക്ക് ചെന്നെത്തുകയും പിന്തുണയ്ക്കുകയും ചെയ്യുക". തിരുഹൃദയാധ്യാത്മികതയുടെ കാതലായ കരുണാർദ്രസ്നേഹത്തിന്റെ ചാലുകൾ സുവിശേഷപ്രഘോഷണത്തിലൂടെയും വിദ്യാദാനത്തിലൂടെയും ആതുരശുശ്രൂഷയിലൂടെയും സാമൂഹിക ക്ഷേമപ്രവർത്തനത്തിലൂടെയും ഇന്നു ചാലുകീറി ഒഴുകുന്നു. ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചൻ കാണിച്ചു പഠിപ്പിച്ചു തന്ന പാഠങ്ങൾ ജീവിതത്തിൽ കാക്കുന്നതിലൂടെ സ്ഥാപകപിതാവിന്റെ സിദ്ധിയും ജീവനും എന്നിലൂടെ വരുംതലമുറയ്ക്ക് ചൈതന്യം കെടാതെ, തനിമ നഷ്ടപ്പെടാതെ പകർന്നുനല്കാം. മത്തായി 25:40. "എന്റെ ഏറ്റവും ചെറിയ ഈ സഹോദരരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തുതന്നത്". ദൈവസ്നേഹത്തിന്റെ കരുണാർദ്രഭാവം മുഖമുദ്രയാക്കി, ഹൃദയത്തിൽ ദൈവത്തിന്റെയും മനുഷ്യന്റെയും കൈയ്യൊപ്പു വാങ്ങിയ സാമൂഹ്യസ്നേഹിയായിരുന്നു നമ്മുടെ സ്ഥാപകപിതാവ് ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചൻ.

കദളിക്കാട്ടിൽ അച്ചൻ തിരുഹൃദയ സന്യാസിനീ സമൂഹത്തിനു രൂപം നല്കിയത് കേവലം 10 വർഷം മാത്രം പിന്നിട്ട പൗരോഹിത്യശുശ്രൂഷയുടെ ആധികാരികതയും ആധ്യാത്മികതയുടെ ആഴങ്ങളിൽനിന്നുമാണ്. ഈ കർമ്മയോഗി നമുക്ക് ഒരു പാഠപുസ്തകം മാത്രമല്ല ഒരു കർമ്മ പദ്ധതികൂടിയാണ്. ദരിദ്രർ, രോഗികൾ, മാനസികവെല്ലുവിളികൾ ഉള്ളവർ, വികലാംഗർ, അനാഥർ, വൃദ്ധർ എന്നിങ്ങനെ സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ടിരുന്ന ജനങ്ങളോട് ഐക്യദാർഢ്യം പുലർത്തിയിട്ടുള്ള ഒരു ജീവിതമായിരുന്നു ധന്യൻ മത്തായി അച്ചന്റേത്. സദാ ചെറിയവരുടെ സ്നേഹിതനായി നിലകൊണ്ട അദ്ദേഹം ദളിത് സഹോദരങ്ങളെ തന്നോടു ചേർത്ത് നിർത്തി. ഈ മാതൃക ഹൃദയത്തിൽ ഏറ്റുവാങ്ങി തിരുഹൃദയ സന്യാസിനീ സമൂഹം സാമൂഹ്യക്ഷേമപ്രവർത്തനത്തിലൂടെ നീതിയുടെയും കരുണയുടെയും സ്നേഹത്തിന്റെയും മൺചിരാത് ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ട് നഷ്ടപ്പെട്ടതിനെ തേടിയലയാനും കാവൽക്കാരാകാനും വിവിധ മേഖലകളിലൂടെയും പദ്ധതികളിലൂടെയും പരിശ്രമിക്കുന്നു.

നിലവിലുള്ള സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്ക് തനതായ രൂപവും ഭാവവും ഉണ്ടാവുക എന്ന ലക്ഷ്യത്തോടെ സെന്റ് മാത്യൂസ് പ്രൊവിൻസ് ചങ്ങനാശ്ശേരി 1978 ൽ സേവാനികേതൻ എന്ന രജിസ്ട്രേഡ് സൊസൈറ്റിക്ക് രൂപംനല്കി. തുടർന്ന് സാമൂഹ്യക്ഷേമപ്രവർത്തനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് കുട്ടികൾ, കുടുംബങ്ങൾ, സ്ത്രീകൾ ഇവരുടെ സമഗ്രവികസനം, പ്രകൃതിസംരക്ഷണം എന്നിവയിൽ ശ്രദ്ധകേന്ദ്രീകരിച്ചുള്ള പരിപാടികൾ നടത്തുകയും കൃത്യമായ നടത്തിപ്പിനായി സിസ്റ്റേഴ്സ്, ടീച്ചേഴ്സ്, വോളന്റിയേഴ്സ് തുടങ്ങിയവർക്കുള്ള തുടർ പരിശീലനപരിപാടികൾ എന്നിവ നടത്തുന്നു. ഇവയ്ക്കുപുറമെ എസ്.എച്ച് ജനറലേറ്റിൽ നിന്നും ബഹു. ജനറാളമ്മ അൽഫോൻസാമ്മയും, സാമൂഹ്യക്ഷേമപ്രവർത്തനമേധാവി റവ. സി. റോസ് പുളിക്കീൽ എസ്.എച്ചിന്റെ നേതൃത്വവും, എസ്.എച്ച്. ജ്യോതിസ് ചാരിറ്റബിൾ സൊസൈറ്റിയുടെ 'കർമ്മവീഥി' എന്ന പുസ്തകരൂപത്തിലുള്ള മാർഗ്ഗനിർദ്ദേശങ്ങളും പ്രവർത്തനങ്ങൾക്ക് കുറച്ചുകൂടി ദിശാബോധവും വ്യക്തതയും നല്കി. കോവിഡ് പശ്ചാത്തലത്തിൽ അരികിൽ ഇരുന്നു സ്നേഹിക്കുന്നതിനേക്കാൾ അകലം പാലിച്ചു കരുതുന്നതിന് ഏറെ പ്രാധാന്യം നല്കിയപ്പോൾ വ്യത്യസ്തമായ പരിപാടികളിലൂടെ റവ. സി. റോസ് പുളിക്കീൽ എസ്.എച്ച്. സാമൂഹ്യക്ഷേമ പ്രവർത്തനത്തിന് വേറിട്ടൊരു ഭാവം നല്കി. എന്നിലൂടെ എന്റെ പ്രൊവിൻസിലൂടെ, തിരുഹൃദയസമൂഹത്തിലൂടെ വരുംതലമുറയ്ക്ക് നമ്മുടെ സമൂഹത്തിന്റെ ചൈതന്യം നഷ്ടപ്പെടുത്താതെ, തനിമയിൽ മായംചേർക്കാതെ സ്ഥാപകപിതാവിന്റെ സിദ്ധിയും ജീവനും പകർന്നു നല്കാൻ ഏവർക്കും ദൈവം കൃപ നല്കട്ടെ എന്നാശംസിക്കുന്നു.

**സി. ലിൻസ് മരിയ എസ്.എച്ച്.**

സോഷ്യൽവർക്ക് കൗൺസിലർ, ചങ്ങനാശ്ശേരി



# അഭിനന്ദനങ്ങൾ

സാമൂഹിക പ്രവർത്തനമേഖലകളിൽ നമ്മുടെ സഭാസമൂഹത്തിന് ഊർജ്ജം നൽകികൊണ്ട് ഉണർവേകാൻ പ്രവർത്തനനിരതരായിരിക്കുന്ന എല്ലാ സഹോദരിമാർക്കും പുതുവത്സരത്തിന്റെ മംഗളങ്ങളും പ്രാർത്ഥനകളും!

പുതുവർഷത്തിൽ തിരുഹൃദയ സന്യാസ സ്ഥാപക ചൈതന്യത്തിന്റെ പുതുവസ്ത്രമണിഞ്ഞ് 'ജ്യോതിസ് ബുള്ളറ്റിൻ' നമുക്കായി - നമ്മുടെ സമൂഹത്തിന്റെ പ്രവർത്തനവഴികളാൽ നിറം പകർത്തി ഉടുത്തൊരുക്കിയിറക്കുമ്പോൾ അതിലെ അകക്കാമ്പ് നുകർന്ന് ദൈവമഹത്വം മാത്രം ലക്ഷ്യമാക്കി ശുശ്രൂഷാനിരതരാകാൻ നമുക്ക് സാധിക്കട്ടെ എന്നാശംസിക്കുന്നു.

സമുന്നതമായ സുവിശേഷദർശനത്തിന്റെ ചൈതന്യമുൾക്കൊണ്ട് നമ്മുടെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെ തുറന്നുകാണിക്കാൻ കാലാകാലങ്ങളിൽ ജനറൽ തലത്തിലൊരുക്കുന്ന ജ്യോതിസ് ബുള്ളറ്റിൻ ഞങ്ങൾക്ക് നൽകുന്ന പ്രോത്സാഹനം ചെറുതല്ല. ചെറിയവനെന്നോ വലിയവനെന്നോ വ്യത്യാസമില്ലാതെ നീതിക്കുവേണ്ടി പോരാടിയ യേശുക്രിസ്തുവിന്റെ മനോഭാവത്തോടെ എല്ലാ പ്രോവിൻസുകളിലേയും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെ പിന്തുണയ്ക്കുകയും നേതൃത്വം നല്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ജനറൽതല സംവിധാനത്തേയും അതിന് നേതൃത്വം നല്കിക്കൊണ്ടിരിക്കുന്ന സി. റോസ് പുളിക്കീലിനേയും നന്ദിയോടെ ഓർക്കുന്നു, പ്രാർത്ഥിക്കുന്നു. പരിശുദ്ധ അമ്മ ഏലീശായെ സന്ദർശിക്കാനോടുന്ന 'തിടുക്കം' നമ്മുടെ എല്ലാ പ്രോവിൻസുകളിലേയും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ ദൃശ്യമാകുന്നതിൽ അഭിമാനിക്കുന്നു. തിരുഹൃദയ സഭാസമൂഹമാകുന്ന വിളക്കിലെ എണ്ണ പകരുന്ന ശുശ്രൂഷകരാകാൻ... പരിശുദ്ധാത്മാവ് ഇനിയും നയിക്കട്ടെ.

ഇത്രത്തോളം ജയം തന്ന നല്ല ശുശ്രൂഷകളിലേക്ക് മുൻകാലങ്ങളിൽ നേതൃത്വം നല്കിയ വിശിഷ്യാ ബ. സി. ക്രിസ്റ്റി മരിയ, സി. ഇന്നസെന്റ് തെരേസ്, സി. എൽജിറ്റ, സി. സ്റ്റെല്ല മാരിസ്, സി. ആനി മറ്റം, സി. ജോർജ് മരിയ എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

2022-ന്റെ മുഖഛായ സുന്ദരമാക്കാൻ പോരുന്ന തുടർ പ്രവർത്തനങ്ങളിലൂടെ അണിഞ്ഞൊരുങ്ങിയ 'ജ്യോതിസ് ബുള്ളറ്റിന് അഭിനന്ദനങ്ങൾ. പിന്നിൽ അദ്ധ്വാനിച്ചവരെ ദൈവകരങ്ങളിൽ സമർപ്പിക്കുന്നു.

ദൈവാനുഗ്രഹത്തിന്റെ നീർച്ചാലുകൾ പ്രൊവിൻസുകളിലേക്ക്, സമൂഹങ്ങളിലേക്ക്, വ്യക്തികളിലേക്ക് ഒഴുക്കാൻ പോരുന്ന കൈത്തോടായി 'ജ്യോതിസ്' എന്നും പ്രശോഭിക്കട്ടെ എന്ന് ആശംസിക്കുന്നു.


**സി. സുജ മലേക്കുടി എസ്.എച്ച്**
സോഷ്യൽവർക്ക് കൗൺസിലർ
കോതമംഗലം പ്രൊവിൻസ്


# Biwk



കാലത്തിന്റെ ദിശാമാറ്റത്തിനൊപ്പം സഞ്ചരിച്ച് ക്രിസ്തുവിന്റെ കരുണാർദ്ര സ്നേഹം അനുഭവിച്ച് ആ സ്നേഹസന്ദേശം അനാഥരും പരിത്യക്തരുമായവർക്ക് എത്തിച്ച് കൊടുക്കുവാൻ ദൈവമഹത്വം മാത്രം ലക്ഷ്യമാക്കി പ്രവർത്തനനിരതമാകുന്ന ജ്യോതിസിന് മംഗളങ്ങൾ നേരുന്നു. സത്യസന്ധമായി വിധിക്കുക. സഹോദരർ പരസ്പരം കരുണയും അലിവും കാണിക്കുക (സഖ 7:9). കർത്താവിന്റെ ഈ തിരുവചനം അന്വർത്ഥമാക്കിക്കൊണ്ടുള്ള സാമൂഹികക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ സമൂഹത്തിന് നല്ലൊരു മാതൃകയാണ്. അയൽപക്ക സംഗമങ്ങൾ, സാരഥി കൂട്ടായ്മ, ഐശ്വര്യ ജ്യോതിസ്, ഊർജകിരൺ, എവർഗ്രീൻ, മോചന തുടങ്ങിയവകളും തിരുവചനം അന്വർത്ഥമാക്കുവാൻ നമ്മെ സഹായിക്കുന്നു.

സകലതും മാറ്റത്തിന് വിധേയമാകുന്ന ലോകത്തിൽ മനുഷ്യനിലും ക്രിയാത്മകമായ മാറ്റങ്ങൾ സംഭവിക്കേണ്ടതുണ്ട്. മാറ്റമെന്ന് പറയുമ്പോൾ, സാഹചര്യങ്ങൾക്കനുസരിച്ച് വ്യക്തികളുടെ മനോഭാവങ്ങളെയും നിലപാടുകളെയും നവീകരിക്കുക എന്നർത്ഥം. അതായത് നൈർമല്യത്തിന്റെ പുതിയ ആകാശവും പുതിയ ഭൂമിയും സ്വപ്നം കാണാനുള്ള ധൈര്യം. ഓരോ വ്യക്തിയിലും മാറ്റം സംഭവിക്കുമ്പോൾ നല്ല കുടുംബങ്ങളും നല്ല സമൂഹവും രൂപപ്പെടുന്നു. സമൂഹ ജീവിയെന്ന നിലയിൽ സ്നേഹത്തിലേക്കൊരു രൂപാന്തരം സംഭവിക്കുന്നില്ലെങ്കിൽ മനുഷ്യനെന്ന പേരിനുപോലും നമുക്ക് അർഹതയുണ്ടോ? ഇവിടെയാണ് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ ഇന്നിന്റെ പ്രാധാന്യം പ്രസക്തമാകുന്നത്. ജീവിതത്തിന്റെ ഭംഗികളൊക്കെ അപഹരിക്കപ്പെടുന്നതും അന്യമാവുന്നതും തിരിച്ചറിയാതെ പലരും ഒഴിവാക്കപ്പെടുന്നുണ്ട്. തെരുവിന്റെ മക്കൾ, അസംഘടിതരായ തൊഴിലാളികൾ, അവഗണിക്കപ്പെടുന്ന കർഷകർ, ചവിട്ടിമെതിക്കപ്പെടുന്ന സ്ത്രീത്വം, ചൂഷണം ചെയ്യപ്പെടുന്ന യുവത്വം, നിസ്സഹായരായ കുഞ്ഞുങ്ങൾ, അങ്ങനെ എത്രയോ പേർ. ദാരിദ്ര്യവും അരക്ഷിതാവസ്ഥയും കൊണ്ട് കരിഞ്ഞുപോകുന്നവരുടെ എണ്ണവും അനുദിനം കൂടിക്കൊണ്ടിരിക്കുകയാണ്. ഇവരുടെ നെടുവീർപ്പുകൾക്ക് ഉത്തരം നല്കിക്കൊണ്ടിരിക്കുന്ന ജ്യോതിസിന്റെ പ്രവർത്തനങ്ങളെയും അതിന്റെ മുന്നോട്ടുള്ള കുതിപ്പുകളെയും അഭിമാനപൂർവ്വം നോക്കികാണുന്നു.

ഈ ജനക്കൂട്ടത്തോട് എനിക്ക് അനുകമ്പ തോന്നുന്നു (MK 8:2). ഈ തിരുവചനം സ്വന്തമായി സ്വീകരിച്ച് മനുഷ്യവർഗ്ഗത്തോട് മുഴുവനും പ്രത്യേകിച്ച് പാവപ്പെട്ടവരോടുള്ള ക്രിസ്തുനാഥന്റെ കരുണാർദ്ര സ്നേഹം അഗതികളും ആലംബഹീനരുമായ സഹോദരങ്ങളിലേക്ക് പകരുവാൻ പ്രചോദിതനായ ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചനെപ്പോലെ ദൈവസ്നേഹത്താലും പരസ്നേഹത്താലും നമുക്കും നമ്മുടെ കർമ്മ മണ്ഡലങ്ങളിൽ മുന്നേറാം. തിരുസക്രാരിയിൽ നിന്നും ശക്തിയും ചൈതന്യം സ്വീകരിച്ച മത്തായിയച്ചന്റെ ജിവിത മാതൃക നമുക്ക് പ്രചോദനമാകട്ടെ. ജ്യോതിസിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ സാധിക്കുന്നതിന് സർവ്വേശ്വരനോട് നന്ദി പറയുന്നു. കാരുണ്യം മുഖമുദ്രയാക്കി നീതിയുടെ പ്രവൃത്തികൾ ചെയ്യുവാൻ ഈശോയുടെ തിരുഹൃദയം നമുക്ക് ശക്തി നല്കട്ടെ. നമ്മുടെ ജീവിതവും പ്രവർത്തനങ്ങളും ദൈവമഹത്വം മാത്രം ലക്ഷ്യം വച്ചുള്ളതായിരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളിലൂടെ തിരുഹൃദയ സന്യാസിനി സമൂഹത്തിന്റെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് നിറം പകർന്നുകൊണ്ടിരിക്കുന്ന റവ. സി.റോസ് പുളിക്കീലിനും ടീം അംഗങ്ങൾക്കും പ്രാർത്ഥനകളും നന്മകളും നേരുന്നു.

ഈ കാലയളവിൽ കരംപിടിച്ച് വഴി നടത്തിയ ദൈവത്തിന് നന്ദിയർപ്പിക്കട്ടെ. നിർദേശങ്ങളും പ്രോത്സാഹനങ്ങളും നല്കിയ ബഹുമാനപ്പെട്ട അൽഫോൻസാമ്മയ്ക്കും ടീം അംഗങ്ങൾക്കും ചേർത്തുനിർത്തി ശക്തി പകർന്ന റവ. സി. റോസ് പുളിക്കീലിനും സ്റ്റാഫ് അംഗം ബിനി ജോസഫിനും പ്രത്യേകം നന്ദി പറയുന്നു. മുന്നോട്ടുള്ള പ്രയാണത്തിൽ നമ്മെ എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. എല്ലാവർക്കും ഒരിക്കൽ കൂടി നന്ദി. ഏവർക്കും സമാഗതമായ പിറവിതിരുനാളിന്റെയും നവവത്സരത്തിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.


**സി. മെർലിൻ ജോസ് എസ്.എച്ച്**
സോഷ്യൽ വർക്ക് കൗൺസിലർ
സെന്റ് ജോസഫ് പ്രൊവിൻസ് തലശ്ശേരി



# ആശംസ

'അപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു. ദൈവാത്മാവ്, പ്രാവിന്റെ രൂപത്തിൽ തന്റെമേൽ ഇറങ്ങിവരുന്നത് അവൻ കണ്ടു. "ഇവൻ എന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു," എന്ന ഒരു സ്വരവും സ്വർഗ്ഗത്തിൽ നിന്നു കേട്ടു' (മത്താ. 3:16 - 17).

ഈശോയുടെ രക്ഷാകരപ്രവർത്തനത്തിന്റെ തീവ്രസംഭവങ്ങളുടെ ചൈതന്യം ജീവിക്കുന്ന ആരാധന ക്രമവത്സരത്തിലൂടെ നാം കടന്നു പോകുകയാണല്ലോ (പിറവി - ദനഹാ - ഉയിർപ്പ്). ഏറ്റവും വലിയ സാമൂഹിക പരിഷ്കർത്താവായ ഈശോയുടെ സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളുടെ സുപ്രധാനകാലം.

പിതാവിന്റെ 'പ്രിയ പുത്ര' അംഗീകാരത്തിന്റെ തൃപ്തിയിൽ ആത്മാവിന്റെ ആവാസത്താൽ നിറഞ്ഞ ഈശോയ്ക്കുണ്ടായിരുന്ന സ്വയാവബോധം - "ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും, അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4:18 - 19) എന്നതായിരുന്നു. അവിടുന്ന് ഉദ്ഘോഷിച്ചു "ദരിദ്രരെ നിങ്ങൾ ഭാഗ്യവാന്മാർ എന്തെന്നാൽ ദൈവരാജ്യം നിങ്ങളുടേതാണ്" (ലൂക്കാ. 6;20). അവിടുന്ന് നമുക്ക് ദൗത്യമേകി "ദരിദ്രർ എപ്പോഴും നിങ്ങളോടു കൂടെയുണ്ടായിരിക്കും" (മർക്കോ. 14:7). "നിങ്ങൾ തന്നെ അവർക്കു ഭക്ഷണം കൊടുക്കുവിൻ" (മത്താ. 14:17).

അവിടുന്നു മുൻകൂട്ടി പറഞ്ഞുവിട്ടിരിക്കുന്ന ആറു ചോദ്യങ്ങളുടെ പ്രാക്ടിക്കൽ പരീക്ഷയിലുള്ള വിജയമാണല്ലോ സ്വർഗ്ഗരാജ്യപ്രവേശനത്തിനുള്ള മാനദണ്ഡം (മത്താ. 25:35). ഈ അവസാന വിധിവാക്യത്തിൽ അവൻ സ്വയം ദരിദ്രന്റെ സ്ഥാനം ഏറ്റെടുക്കുന്നു. എനിക്കു വിശന്നു... എനിക്കു ദാഹിച്ചു.. എല്ലാ ദരിദ്രരോടുമുള്ള കാരുണ്യം സ്വർഗ്ഗരാജ്യത്തിന്റെ താക്കോലാണന്ന് അവിടുന്ന് പഠിപ്പിച്ചു.

സന്യസ്തരുടെ സാമൂഹികക്ഷേമപ്രവർത്തനങ്ങൾ ഇന്നിന്റെ രാഷ്ട്രീയ, സാമൂഹിക പരിഷ്കർത്താക്കളുടേതിൽനിന്നും ഏറെ വ്യത്യസ്തയുള്ളതാണെന്ന യാഥാർത്ഥ്യം നമ്മൾ ഓർമ്മിക്കണം.

എന്നത്തേക്കാളേറെ ആധ്യാത്മികതയിലും ഭൗതീകതയിലും വ്യക്തിത്വത്തിലും വളരെ ദാരിദ്ര്യത്തിലും വീഴുന്ന - ഹൃദയം നീറുന്ന, തളർന്നു, തകരുന്ന വ്യക്തിത്വങ്ങളും, കുടുംബജീവിതങ്ങളും നമ്മുടെ മുൻപിലുണ്ട്. കൂടാതെ പകർച്ചവ്യാധികളും പ്രകൃതിദുരന്തങ്ങളും മതവിദ്വേഷവും പീഡനങ്ങളും മനുഷ്യനെ അരക്ഷിതാവസ്ഥയിലേക്കു നയിക്കുന്നു.

തമ്പുരാന്റെ ചെറിയ അജഗണമായ ക്രൈസ്തവ സമൂഹത്തിന്റെ വിശ്വാസക്കുറവും കൂദാശാ ജീവിതത്തിൽനിന്നുള്ള അകൽച്ചയും, തലമുറകളുടെ എണ്ണത്തിലെ കുറവും ഒറ്റപ്പെടുത്തലിന്റെ ഭീഷണിയിൽ പതറുന്ന ജീവിതവുമൊക്കെ നമ്മുടെ കണ്ണുകൾ തുറക്കാനും കൈകൾ നീട്ടിക്കൊടുക്കുവാനുമുള്ള അവസരമാണെന്ന് തിരിച്ചറിഞ്ഞ് തീഷ്ണതയോടെ, വിവേകത്തോടെ വിശുദ്ധിയോടെ, വിശ്വാസത്തോടെ പ്രവർത്തനനിരതരാകാം.

പലവിധത്തിലുള്ള വിശപ്പുകൾ, ദാഹങ്ങൾ, അടിമത്തങ്ങൾ, ദാരിദ്ര്യം തിരിച്ചറിഞ്ഞ് ഓരോ ഭവനസമൂഹത്തിന്റെയും ഇടവകയുടെയും പ്രദേശത്തിന്റെയും പ്രവർത്തനമേഖലകളുടെയും പടിവാതിക്കൽ കിടക്കുന്ന "ലാസറുമാരെ" കണ്ടെത്തി ആവശ്യമുള്ളവ നൽകുന്നതിൽ ശ്രദ്ധയുള്ളവരായി സ്വർഗ്ഗരാജ്യം അവകാശപ്പെടുത്താം.

സാധുക്കളെ ദൈവപ്രതിമകളായി കണ്ട് ശുശ്രൂഷിക്കുകയും ആ ശുശ്രൂഷ നമ്മിലൂടെ തുടരുന്നതിന് ആഗ്രഹിക്കുകയും, അനുഗ്രഹിക്കുകയും ചെയ്ത സ്ഥാപക പിതാവും, പരിശുദ്ധ പരമത്രിത്വവും മഹത്വപ്പെടട്ടെ.

**സി. ട്രീസാ അല്ലേശ് എസ്. എച്ച്**
സോഷ്യൽ വർക്ക് കൗൺസിലർ,
വിമല പ്രോവിൻസ് കാഞ്ഞിരപ്പള്ളി

ഈശോയുടെ തിരുഹൃദയത്തിന് സ്തുതി



# ആശംസ

നിങ്ങൾ എന്തുചെയ്താലും ദൈവ മഹത്വത്തിനായി ചെയ്യണം എന്ന നമ്മുടെ സ്ഥാപക പിതാവിന്റെ വാക്കുകളെ അന്വർത്ഥമാക്കിക്കൊണ്ട് സമൂഹത്തിലെ വിവിധ മേഖലകളിലുള്ള വ്യക്തികൾക്കും കുടുംബങ്ങൾക്കും പുതിയ ദിശാബോധത്തോടെ വികസന സന്ദേശം പകർന്നു കൊടുക്കുവാൻ സാമൂഹ്യക്ഷേമ പ്രവർത്തന മേഖലയ്ക്ക് ഈ കാലഘട്ടത്തിൽ കഴിഞ്ഞു എന്നത് പ്രതീക്ഷിക്കുവാൻ വക നൽകുന്നു. ഈ മേഖലയിൽ സഹോദരിമാർ വളരെ ത്യാഗത്തോടും തീക്ഷ്ണതയോടും കർമ്മോത്സുകതയോടും കൂടി പ്രവർത്തിച്ചു എന്നത് അഭിനന്ദനാർഹമാണ്.

വേദനിക്കുന്ന അവരിലും എളിയവരിൽ ദൈവത്തിന്റെ മുഖം തേടുന്ന ആധ്യാത്മിക ദർശനത്തിൽ ഊന്നിനിന്നുകൊണ്ട് തങ്ങളുടെ പ്രവർത്തനങ്ങൾ പുത്തൻ മേഖലകളിലേക്ക് വ്യാപിപ്പിക്കുവാൻ തക്കവിധത്തിൽ ശക്തി ആർജ്ജിക്കുവാൻ ചുറ്റുമുള്ളവർക്ക് പ്രകാശം പരത്തുന്ന ദിവ്യജ്യോതിസായി ഈ ബുള്ളറ്റിൻ മാറട്ടെ എന്ന് ആശംസിക്കുന്നു. ഈ ബുള്ളറ്റിൻ പുറത്തിറക്കാൻ യത്നിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ. വിജയാശംസകളോടെ....

**സി. അനിറ്റ എസ്. എച്ച്**
സോഷ്യൽ വർക്ക് കൗൺസിലർ
മാനന്തവാടി പ്രൊവിൻസ്





# Biwk

സമൃദ്ധമായ ജീവൽപ്രവാഹത്തിന്റേയും അതിൽനിന്ന് ഉത്ഭൂതമാകുന്ന കാരുണ്യത്തിന്റേയും ഉറവിടമാണ് ഈശോയുടെ തിരുഹൃദയം. ഈ ദിവ്യഹൃദയത്തിന്റെ നിഴൽവീണ ഇടങ്ങളാവുന്നതിനാലാണ് മനുഷ്യഹൃദയം സ്നേഹത്തിന്റേയും കരുതലിന്റേയും ആർദ്രതയുടേയും നല്ലനിലങ്ങൾ ആയിത്തീരുന്നത്.

അകലങ്ങളിലുള്ളതിനെ എത്തിപ്പിടിക്കാൻ അഹോരാത്രം പരിശ്രമിക്കുന്ന മനുഷ്യൻ അടുത്തുള്ളതിനെയും അടുത്തുള്ളവരെയും ചേർത്തുനിർത്താൻ വിസ്മരിക്കുന്നു എന്നത് ഈ കാലഘട്ടത്തിന്റെ വൈരുദ്ധ്യമാണ്. നേട്ടങ്ങളെ കൈപ്പിടിയിലൊതുക്കാൻ വെമ്പുന്ന മനുഷ്യൻ വഴിവക്കുകളിൽ ഉപേക്ഷിക്കപ്പെടുന്ന, ദൈവത്തിന്റെ കൈയ്യൊപ്പ് ചാർത്തപ്പെട്ട മുറിവേറ്റവരെ അവഗണിക്കുന്നത് വർത്തമാനകാലം രചിക്കുന്ന ദുരന്തചിത്രങ്ങളിലൊന്നാണ്. കരുണവറ്റിയ ഇടങ്ങളിൽ ആർദ്രഹൃദയത്തിലെ സ്നേഹം പകരുന്ന പ്രവാചകരാകാനുള്ള നിയോഗത്തിന് ഈ കാലഘട്ടത്തിൽ പ്രസക്തി വർദ്ധിക്കുന്നു. തിരുഹൃദയസമൂഹത്തിന്റെ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ ഈ കരുണാർദ്രസ്നേഹത്തിന്റെ ബഹിർസ്ഫുരണങ്ങളാണ്.

സ്വപ്നങ്ങളും ദർശനങ്ങളും കർമ്മോത്സുകതയും കൈമുതലാക്കി നൂറുമേനി ഫലം പുറപ്പെടുവിക്കുന്ന തിരുഹൃദയസന്യാസിനി സമൂഹത്തിന്റെ സാമൂഹിക സേവനപ്രവർത്തനങ്ങളെ നയിച്ചവരുടെ പിൻതലമുറക്കാരെന്ന നിലയിൽ ചാരിതാർത്ഥ്യത്തോടെയാണ് ദൈവകൃപയിൽ ആശ്രയിച്ച് ഈ ദൗത്യം നിർവഹിക്കുന്നത്. ദൂരത്തും ചാരത്തുമുള്ള അനേകർക്ക് ജാതി മത വർണ്ണ വർഗ വ്യത്യാസമില്ലാതെ സഹായഹസ്തമേകാൻ സാധിക്കുന്നത് അനേകരുടെ പ്രാർത്ഥനയും അകമഴിഞ്ഞ പിന്തുണയും സഹകരണവുംമൂലമാണ്. കോവിഡ്-19 എന്ന മഹാദുരന്തത്തിന്റെ അവശേഷിപ്പുകളായി ഒറ്റപ്പെടലും നൊമ്പരവും വർത്തമാനകാലത്തെ അസ്വസ്ഥതപ്പെടുത്തുമ്പോൾ പ്രത്യാശയുടെ പ്രവാചകരായിത്തീരാൻ പരിശ്രമിക്കാം.

തിരുഹൃദയത്തിലെ ദിവ്യസ്പന്ദനങ്ങൾ മനുഷ്യമക്കളുടെ നൊമ്പരങ്ങളിൽ ആശ്വാസമേകുന്ന, കരുണയുടെ ഉറവിടമായി പരിണമിക്കുന്ന തിരുഹൃദയ സന്യാസിനിസമൂഹത്തിന്റെ സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വവും ദിശാബോധവും നൽകുന്നവരെയും ഇതിന് സഹായഹസ്തമരുളുന്നവരെയും ഹൃദയപൂർവം അഭിനന്ദിക്കുന്നു. തിരുഹൃദയസന്യാസിനി സമൂഹത്തിന്റെ സാമൂഹികക്ഷേമപ്രവർത്തനങ്ങളെ അടയാളപ്പെടുത്തുന്ന, മുന്നോട്ടുള്ള പ്രയാണത്തിന് ദിശാബോധം പകരാൻ പര്യാപ്തമായ ജ്യോതിസ് ബുള്ളറ്റിൻ തിരുഹൃദയത്തിലെ ദിവ്യജ്യോതിസിന്റെ പ്രകാശമായിത്തീരാൻ ഇടയാകട്ടെയെന്ന് ആശംസിക്കുന്നു.

സ്നേഹപൂർവം

**സി. ജോസ്മി വള്ളിയാട്ട് എസ്.എച്ച്.**
സോഷ്യൽവർക്ക് കൗൺസിലർ,
സാന്തോം പ്രൊവിൻസ്, താമരശ്ശേരി



# Message

*Jyothis Charitable Society, through its commitment to bring about positive and social transformation, play a prominent role in improving the lives of those who need it most through its timely interventions, dynamic activities and people - oriented projects. The year 2021 has been a year full of blessings and graces from God in our journey to promoting progress through social transformation and holistic development. It is an occasion to thank the Almighty God for His constant love, concern, protection and Divine providence.*

*I would like to place on record my appreciation and thankfulness to Rev. Sr. Rose Pulikeel S.H., the General Councilor for Social Work for her able leadership, constant encouragement, unconditional support in helping the provinces/ Regions to reach out to many more people in different parts of the county.*

*In this new year 2022, let us join our hands together and march forward to bring light to the lives of the people especially the marginalized of the society.*

*I extend prayerful greetings of God's abundant blessings, that our services may continue to imprint the love of the Sacred Heart of Jesus in the Hearts of the people.*

**Sr. Salomy Jose SH**
Counciler for Social Work
Amala Province, Assam

# Message



Christmas comes as a perfect moment for the self-reflection. This year, though being marked by many hardships, we will still celebrate the joy, peace and good will of our Saviour towards all the people. We are traveling through a very difficult period of our life as many have lost their loved ones, children have become orphans by losing their parents and many have lost all that they have due to natural disasters. This difficult period indeed give us a challenge to be available to render our part to alleviate the sufferings of the people who are emotionally and materially poor. As Jesus became a 'Good News' to the world, we have a special vocation to become the 'Good News' of love, mercy, consolation, generosity and kindness to our brethren who are downtrodden, marginalized and exploited.

Our Social Welfare Department is indeed blessed with a warrior who lives this vocation of being the 'Good News' to the World. Rev. Sr. Rose Pulikeel, General Counsilor for the Social Welfare Activities of our Congregation is a blessing to our Sacred Heart Congregation. Being endowed with wisdom and knowledge, she is very keen to read and understand the signs of time so that she may act meticulously and prudently to become an answer to the problems of the society. It is noteworthy that she also equips her co-workers to become the same. Under her efficient leadership, the social welfare department of Sacred Heart Congregation could reach out to many states of our country. The migrants, the marginalized, the abandoned children on the road, the illiterate and wayward youth, the uncared and lonely parents, the blind and the lame have all experienced the compassionate love of the Sacred Heart of Jesus in and through our social welfare activities. Under the shade of our wings, they are able to, sit together, chat together, unload their heaviness and problems, find consolation and hope and go back relived with a peaceful mind.

I would like to appreciate the sisters and the staff who are working hard for the expansion of the Kingdom of God by uplifting and empowering the voiceless and the exploited irrespective of cast, creed and religion and also for their constant accompaniment, far sightedness, wisdom and compassion for the suffering humanity. Above all, our greater commitment for God and His people, made all of us a channel of mercy and compassion. I invoke God's abundant blessings on our activities to witness faith and charity. As our entire Congregation is awaiting for the new Provincials team, may the Sacred Heart of Jesus bless all our provinces with exemplary superiors who will lead and shepherd our Provinces according to the Charism and the dream of our Founder Venerable Fr. Mathew Kadalikattil.

It is almost the end of the year and we hope that the New Year, 2022 may bring more Joy, Peace and happiness in our life. May God bless this year and all our new ventures. Have a Blessed Christmas. May the light of the World light up our hearts and souls and set us aflame with His love.

Sr. Linet SH, Social Work Counciler
Jeeva Jyothi Province, Delhi

# MESSAGE



*Warm greetings of Christmas and New Year to Alphonsamma and the team from Ujjain.*

*I fold my hands in gratitude for the past three years. I am grateful to God almighty for the chance of serving my sisters in social work by choosing me as the councilor for social welfare activities. I am well supported and guided by the general team headed by Alphonsamma and the team members. Right from the very beginning through orientation programme the team was preparing us well for the service. Then in each and every step we were well guided by the team. I acknowledge it with gratitude.*

*A special word of thanks to Rev.Sr.Rose Pulickeel, our general councillor for the guidance, co-operation and motherly support I enjoyed during these three years. With meek and humble nature she was approaching us and not waiting for us to ask, and was giving guidance to us. Dear Sr.Rose Pulickeel, I am very grateful to you for your constant accompaniment with us. I really learned many things from you. Your loving nature, peaceful tone of words and motherly concern along with many other things really touched me. Thank you sister very much. I wish and pray that the new team too may enjoy the same privilege we have enjoyed.*

*I am grateful to the whole general team headed by Alphonsamma who is also my novice directress. The boundless support and care I have had from you is beyond the expression of gratitude. I promise my prayers for the success of the ministry of service. May the good Lord bless you all to reach the height of service leading to union with the Sacred Heart of Jesus. I am highly taken by the valuable services made available to us through Jyothis. The news from various provinces and the various activities that are going on there help us to carry on our missionary endeavour with growing zeal and enthusiasm. The photos send through Jyothis bring us close together and give us the feeling of oneness among us.*

*I must appreciate the various programmes organized by Jyothis. For most of us it is a guidance programme. Many a time we have our own programmes and activities planned out by us. But the top level planned activities organized by Jyothis help us to carry on our activities without the tension as to whether it will lead us to success or failure. We have confidence in the activities organized by Jyothis. The quiz programmes really boost us to read and get motivated in the programmes organized by various houses in our Province. The encouragement given to us in the form of attractive gifts help us to read the pages of Jyothis with keen interest. I am highly taken up by the encouragement given by the organizers of Jyothis.*

*Jyothis bulletin is a general knowledge book for us. The numerous knews issued through the bulletin acts as a source of knowledge not only of social work but also of some other general matters. I am grateful to the editor and other organizers in bringing out such useful matter for us.*

*I wish and pray that may this bulletin grows to its height to help as many and enlighten many to serve humanity lead them to self actualization and helping us to reach spiritual perfection and ultimately to union with God.*

*Thank you.*

**Sr. Anita Mattathil S.H.**
Social Work Counciler
Christhu Jyothi Province, Ujjain



# ആശംസ

വി. യോഹന്നാന്റെ സുവിശേഷം 6-ാം അദ്ധ്യായത്തിൽ അപ്പം വർദ്ധിപ്പിക്കുന്ന ഈശോയെ നാം കാണുന്നുണ്ട്. "യേശു കണ്ണുകളുയർത്തി ഒരു വലിയ ജനം തന്റെ അടുത്തേക്ക് വരുന്നത് കണ്ട് അവൻ പീലിപ്പോസിനോട് ചോദിച്ചു: ഇവർക്ക് ഭക്ഷിക്കുവാൻ നാം എവിടെ നിന്ന് അപ്പം വാങ്ങും". കോവിഡ് മഹാമാരി മനുഷ്യ ജീവതങ്ങളെ കാർന്ന് തിന്നുന്ന ഈ കാലഘട്ടത്തിൽ ആത്മീയവും, ശാരീരികവും, മാനസികവുമായി വേദനിക്കുന്ന ഒരു വലിയ ജനക്കൂട്ടത്തെ നോക്കി ഈശോ നമ്മോട് ചോദിക്കുന്നു. 'ഇവർക്ക് ഭക്ഷിക്കുവാൻ നാം എവിടെ നിന്ന് അപ്പം വാങ്ങും'. എന്ത് ചെയ്യണമെന്ന് നേരത്തെ മനസ്സിൽ തീരുമാനിച്ച ഈശോ പീലിപ്പോസിനെ പരീക്ഷിക്കുവാൻ ചോദിച്ച ചോദ്യമാണിത്. അഞ്ചപ്പവും രണ്ട് മീനും, കൈയിലുള്ള ബാലനെ തിരിച്ചറിഞ്ഞ്, അഞ്ചപ്പത്തിൽ നിന്ന് അയ്യായിരം പേരുടെ വിശപ്പടക്കിയ ദൈവത്തിന്റെ പ്രവർത്തനരീതി നമുക്കും സ്വന്തമാക്കാം. നമ്മുടെ സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളിലെല്ലാം നാം പ്രാധാന്യം കൊടുക്കുന്നത് ഈ ASSET BASED COMMUNITY DEVELOPMENT ആണ്. നാം കണ്ട് മുട്ടുന്നവരിലെ ആത്മീയവും, ശാരീരികവും, മാനസികവുമായ ഫലങ്ങളെ കണ്ട്പിടിച്ച് അനേകർക്ക് ആസ്വദിക്കാനുതകുന്ന വിരുന്നായി വിളമ്പാൻ ദൈവം നമ്മുടെ കരങ്ങൾക്ക് ശക്തി നൽകട്ടെ.

പ്രിയമുള്ളവരെ ഈ കാലഘട്ടത്തിൽ ദൈവത്തിന്റെ ഹിതം തിരിച്ചറിയാൻ ദൈവികജ്ഞാനത്തിനായി, പരിശുദ്ധാത്മാവിന്റെ കൃപക്കായി നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ എല്ലാ സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളും സുവിശേഷ പ്രഘോഷണമായി മാറട്ടെ എന്ന് ആശംസിക്കുന്നു.

എന്ന്,

**സി. ആൻ മേരി എസ്.എച്ച്.**
സോഷ്യൽ വർക്ക് കൗൺസിലർ
നവജ്യോതി ചാരിറ്റബിൾ സൊസൈറ്റി, ഇടുക്കി



# ആശംസ

"മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ടു സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്താ 5:16) എന്ന ക്രിസ്തുനാഥന്റെ തിരുവചനം അന്വർത്ഥമാക്കുമാറ് സ്വർഗ്ഗസ്ഥനായ പിതാവ് മഹത്വപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ തിരുഹൃദയസന്യാസിനി സമൂഹം അതിന്റെ സാമൂഹ്യക്ഷേമപ്രവർത്തനങ്ങളിൽ ഏറെ തീക്ഷ്ണതയോടെയും ശുശ്രൂഷ മനോഭാവത്തോടെയും മുന്നേറുന്നതിൽ നല്ല ദൈവത്തിന് കൃതജ്ഞത അർപ്പിക്കുന്നു.

സ്നേഹം ശുശ്രൂഷയായി രൂപാന്തരപ്പെടുമ്പോൾ യഥാർത്ഥ വചനപ്രഘോഷണം നടക്കുന്നു. തിരുഹൃദയ നാഥന്റെ കരുണാർദ്രസ്നേഹം ഹൃദയത്തിൽ ഏറ്റുവാങ്ങി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളലൂടെ അതു ശുശ്രൂഷയായി മാറുമ്പോൾ നാം യഥാർത്ഥത്തിൽ വചനപ്രഘോഷകരായി മാറുകയാണ്. ഇതു പ്രാവർത്തികമാക്കുന്നതിൽ ഏറ്റവും വലിയ പങ്കുവഹിക്കുന്നവരാണ് നമ്മുടെ സമൂഹത്തിലെ സാമൂഹ്യക്ഷേമ പ്രവർത്തകരായ സഹോദരിമാർ. സ്നേഹം എങ്ങനെയാണ് അനുഭവവേദ്യമാകുന്നത് എന്ന ചോദ്യത്തിന് വി. അഗസ്റ്റിൻ തരുന്ന തിരുവചനം നമുക്ക് ഏറെ ഊർജ്ജം നൽകുന്ന ഒന്നാണ്. സ്നേഹത്തിൽ മറ്റുള്ളവരെ സഹായിക്കാനുള്ള കൈകളുണ്ട്. ആവശ്യക്കാരുടെയും ദരിദ്രരുടെയും അടുത്തേക്ക് വേഗത്തിൽ പോകാനുള്ള പാദങ്ങളുണ്ട് സ്നേഹത്തിന്. ദുരിതങ്ങളും ആവശ്യങ്ങളും കാണാനുള്ള കണ്ണുകൾ സ്നേഹത്തിന് ഉണ്ട്. മനുഷ്യരുടെ നെടുവീർപ്പുകളും സങ്കടങ്ങളും കേൾക്കാൻ സ്നേഹത്തിന് ചെവികൾ ഉണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ തിരുഹൃദയ സന്യാസിനി സമൂഹത്തിന്റെ സാമൂഹ്യക്ഷേമപ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ തിരുഹൃദയ മക്കൾ യഥാർത്ഥത്തിൽ ഈശോയുടെ തിരുഹൃദയത്തിന്റെ കരുണാർദ്രസ്നേഹം പാവപ്പെട്ടമക്കൾക്ക് അനുഭവവേദ്യമാക്കി കൊടുക്കുന്നു എന്നതിൽ സംശയമില്ല. ലക്ഷ്യം തെറ്റാതെ ഈശോയുടെ തിരുഹൃദയത്തിന് കീഴ്വഴങ്ങി സ്ഥാപകപിതാവിനും സ്ഥാപകഅംഗങ്ങൾക്കും പാവങ്ങളോട് ഉണ്ടായിരുന്ന കരുണയും സ്നേഹവും ഒട്ടുംകുറയാതെ ദൈവം നമ്മെ ഭരമേല്പിച്ച സമ്പത്തും കഴിവുകളും അർഹതപ്പെട്ടവരിലേക്ക് എത്തിക്കാൻ എന്നും പ്രചോദനവും പ്രോത്സാഹനവും ആയി നിൽക്കുന്ന ജനറൽ ടീമിനും പ്രത്യേകിച്ച് സി. റോസ് പുളിക്കീലിനും വാക്കുകളിൽ തീർക്കാനാവാത്ത നന്ദിയും സ്നേഹവും അറിയിക്കുന്നു. മേരിമാതാ റീജിയന്റെ സാമൂഹ്യക്ഷേമപ്രവർത്തനങ്ങളിൽ എന്നും മാർഗ്ഗനിർദ്ദേശവും സഹായവുമായി കൂടെനിന്ന പ്രൊവിൻഷ്യൽ ടീമിനെയും വിശിഷ്യാ സി. മെർലിൻ ജോസിനെയും ഹൃദയപൂർവം കൃതജ്ഞതയോടെ അനുസ്മരിക്കുന്നു.

ദരിദ്രരോട് ദയ കാണിക്കുന്നവൻ കർത്താവിനാണ് കടം കൊടുക്കുന്നത്, അവിടുന്ന് ആ കടം വീട്ടും (സുഭാ 19:17). ഈ തിരുവചനത്തിൽ വിശ്വാസം ഉറപ്പിച്ച്, വെല്ലുവിളികളുടെയും പ്രതിസന്ധികളുടെയും മുമ്പിൽ പതറാതെ, തിരിച്ചു കിട്ടുമെന്ന് പ്രതീക്ഷിക്കാതെ കാരുണ്യത്തിന്റെ പ്രവാചകരായി നമ്മുടെ സഹോദരിമാർ ഓടി നടന്നത് വളരെയേറെ പ്രശംസ അർഹിക്കുന്ന ഒന്നാണ്. ഇനിയും തളരാതെ ദൈവത്തിൽമാത്രം ആശ്രയം വച്ച് ദുഃഖിതർക്ക് ആശ്വാസവും, നിരാശർക്ക് പ്രത്യാശയും രോഗികൾക്ക് വൈദ്യനായും അഗതികൾക്ക് ആലംബമായും ദരിദ്രർക്ക് അത്താണിയായും ഈശോയുടെ തിരുഹൃദയത്തിന്റെ സ്നേഹദൂതരായി മാറുവാൻ എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും എല്ലാവിധ നന്മകളും നേരുകയും ചെയ്യുന്നു.

**സി. മെർളി ജോൺ എസ്.എച്ച്.**
മേരിമാതാ റീജിയൻ, ബെൽത്തങ്ങാടി



# ആശംസ

"മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്തായി 5,16).

കഴിഞ്ഞ മൂന്നു വർഷങ്ങളിലായി സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തുന്നതിന് അനേകം ആത്മാക്കളുടെ രക്ഷ മുന്നിൽകണ്ട് എസ്. എച്ച്. ജ്യോതിസ് ചാരിറ്റബിൾ സൊസൈറ്റി നടത്തിയ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളുടെ സംക്ഷിപ്തരൂപം പ്രകാശനം ചെയ്യുന്ന ഈ അവസരത്തിൽ അഭിമാനത്തോടും ചാരിതാർത്ഥ്യത്തോടുംകൂടെ സൊസൈറ്റിയുടെ പ്രവർത്തനങ്ങളിൽ പങ്കുകാരിയാകുവാൻ എനിക്ക് ലഭിച്ച എല്ലാ അവസരങ്ങളേയും സ്നേഹത്തോടെ ഓർക്കുന്നു. തുടർ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകളും ഭാവുകങ്ങളും നേരുകയും ചെയ്യുന്നു.

ദൈവത്തിന്റെ കൈയ്യൊപ്പ് ചാർത്തിയ ജീവകാരുണ്യ പ്രവർത്തനങ്ങളാണല്ലോ ഈ കാലഘട്ടങ്ങളിൽ ചെയ്ത് ദൈവത്തെ പ്രസാദിപ്പിക്കാൻ സാധിച്ചത് എന്നത് അത്ഭുതത്തോടെയാണ് തിരിഞ്ഞുനോക്കുമ്പോൾ തിരിച്ചറിയാൻ കഴിയുക. നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ് എന്ന് നമ്മെ ഓരോരുത്തരേയും നോക്കി പറയുന്നത് യാഥാർത്ഥ്യമായി തീരുന്നത് നമ്മുടെ സത്പ്രവൃത്തികളിലൂടെയാണെന്ന് ഈശോ ഓർമ്മിപ്പിക്കുമ്പോൾ പ്രഭാപൂർണ്ണമായ ഭാവി പ്രവർത്തനങ്ങൾ തീഷ്ണതയോടെ പൂർത്തിയാക്കാൻ ഈ സംഘടനയ്ക്കും അധികാരികൾക്കും അഭ്യുദയകാംഷികൾക്കും ഇടയാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

**ബിനി ജോസഫ്**
പ്രോഗ്രാം കോ-ഓഡിനേറ്റർ
ജ്യോതിസ് ചാരിറ്റബിൾ സൊസൈറ്റി

# അഭിനന്ദനങ്ങൾ



Sr. Merly John S.H.
BLDY



Sr. Rincy Kozhimala S.H.
PALA



Sr. Lince Maria S.H.
CHY



Sr. Ann Mary S.H.
IDK



Sr. Suja Malekudy S.H.
KLM



Sr. Anitha Mattathil S.H.
UJN



Sr. Merline Jose S.H.
TLY



Sr. Linet S.H.
DEL



Sr. Treesa Allese S.H.
KPLY



Sr. Salomy Jose S.H.
ASM



Sr. Josmy S.H.
TMY



Sr. Anitta S.H.
MDY



നന്ദിയോടെ...
പ്രാർത്ഥനയോടെ...


സി. ഫ്ളെമേനാ
മനയാനിക്കൽ
സി. മർഗരീത്താ
ഒഴാക്കൽ
സി. ജൽത്രൂദ്
പൂളിക്കൽ
സി. കത്രീനാ
ആടാപ്പള്ളിൽ
സി. എവുപ്രാസിയ
കിഴക്കേൽ
Venerable
Fr. Mathew Kadalikkatil
സി. മേരി ആഗ്നസ്
പഴയതുടിപ്പാറ
സി. ഫ്രാൻസിസ്ക്ക
വെള്ളാപ്പാണിയിൽ
സി. ക്ലാര
പാലത്താനത്തുപടവിൽ
സി. ലൂസിയ
കുന്നേൽ
സി. ജോസഫീനാ
ചെറ്റാലിയിൽ
തിരുഹൃദയ സന്യാസ സിദ്ധിയിൽ വളരുവാൻ
ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ
"നാം ക്രിസ്ത്യാനികളാണെന്നു
പറഞ്ഞാൽ മാത്രം പോരാ.
നാം വിശ്വാസം ജീവിക്കണം;
വാക്കുകളിൽ മാത്രമല്ല
പ്രവൃത്തിയിലും."
ഫ്രാൻസിസ് പാപ്പ